HRMP No.173/14, 176/14, 177/14


# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ടർബ്ബോ പ്ലസ് ടൗവ്വർ, പി. എം. ജി. ജംഗ്ഷൻ,
വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം. 33

**Email. – hrckeralatvm@gmail.com**

ഫോൺ: 2307263. ഫാക്സ്: 2307490


## അധികാരം വിനിയോഗിക്കുമ്പോൾ പീഡനം പാടില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ

കൊല്ലം: പോലീസിന് അവകാശപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുമ്പോൾ നിരപരാധികളെ പീഡിപ്പിക്കരുതെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ (ജുഡീഷ്യൽ) അംഗം ആർ. നടരാജൻ.

സ്ത്രീകൾ മാത്രം താമസിക്കുന്ന വീടുകളിൽ പരിശോധന നടത്തുന്നതിന് നിയമത്തിലുള്ള വ്യവസ്ഥകൾ പാലിക്കാൻ പോലീസ് ബാധ്യസ്ഥമാണെന്നും ഉത്തരവിൽ പറയുന്നു.

ചന്ദനത്തോപ്പ് സ്വദേശിനികളായ ഷീബ, ഷംനാമോൾ, ശോഭിതാബീവി എന്നിവർ സമർപ്പിച്ച പരാതിയിലാണ് നടപടി.

കണ്ടാലറിയാവുന്ന പോലീസ് ഉദ്യോഗസ്ഥർ തങ്ങളുടെ വീട്ടിൽ അതിക്രമിച്ചുകയറി ഭീഷണിപ്പെടുത്തിയെന്നും വീടിന്റെ പൂട്ട് തകർത്തെന്നും പരാതിയിൽ പറയുന്നു. വീട്ടിലുണ്ടായിരുന്ന മോട്ടോർ സൈക്കിളുകൾ നഷ്ടപ്പെട്ടു.

കമ്മീഷൻ കൊല്ലം സിറ്റി പോലീസ് കമ്മീഷണറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. പരാതിക്കാരുടെ ഭർത്താക്കൻമാർ എസ്. ഡി. പി.ഐ/പോപ്പുലർ ഫ്രണ്ട് പ്രവർത്തകരാണെന്ന് വിശദീകരണത്തിൽ പറയുന്നു. ഡിസംബർ 26 ന് രാത്രി കല്ലുംതോട്ടം ജംഗ്ഷന് സമീപം എസ്.ഡി.പി.ഐ പ്രവർത്തകനെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ടാണ് പരാതിക്കാരുടെ വീട്ടിലെത്തിയതെന്നും പോലീസ് വിശദീകരണത്തിൽ പറയുന്നു.

പ്രതികളെയോ കേസുമായി ബന്ധപ്പെട്ടവരെയോ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ പോലീസിന് അധികാരമുണ്ടെന്ന് കമ്മീഷൻ ഉത്തരവിൽ നിരീക്ഷിച്ചു. അത്തരം അവകാശങ്ങൾ ഉപയോഗിക്കുമ്പോൾ തന്നെ നിരപരാധികളെ പീഡിപ്പിക്കാൻ പാടില്ല. കേസിന്റെ ഭാഗമായി പരാതിക്കാരുടെ ഭർത്താക്കൻമാരെ അന്വേഷിക്കുമ്പോൾ മാന്യമായി പെരുമാറാൻ കിളിക്കൊല്ലൂർ പോലീസിന് നിർദ്ദേശം നൽകണമെന്നും കമ്മീഷൻ അംഗം ആർ. നടരാജൻ കൊല്ലം സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയതായി കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

**പി.എം. ബിനുകുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**9447694053.**

07/05/2015